# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ..റ്റി.എം.പി 13/461/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 31/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ..റ്റി.എം.പി 13/461/23 തീയ്യതി: 31/03/2023

## കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-01-2022 മുതൽ 31-12-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബീനാകുമാരി.സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 17-03-2023 | 23-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-03-2023 | 23-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുധാജേക്കബ്, ഓഡിറ്റ് ഓഫീസർ
സുമേഷ് പി.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സജിമോൾ വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ആൽബിൻ സിറിയക്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ഉണ്ണികൃഷ്ണൻ. എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആശ ചന്ദ്രൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| സോണിയ പി മാത്യൂ | സെക്രട്ടറി | 01-04-2021 | 03-01-2022 |
| മിനി മുരളി | സെക്രട്ടറി | 03-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ലൗല എ ഖാദർ | അസി സെക്രട്ടറി | 01-04-2021 | 09-07-2021 |
| രേഖ ബി നായർ | അസി സെക്രട്ടറി | 16-07-2021 | 31-03-2022 |
| രശ്മി രഘുനാഥ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| രാജേശ്വരി ആർ | ഐസിഡിഎസ് സൂപ്പർവൈസർ | 15-11-2021 | 31-03-2022 |
| ലീന മാത്യൂ | എച്ച്.എം (ചാർജജ്) | 01-04-2021 | 26-10-2021 |
| ചന്ദ്രലേഖ പിജി | എച്ച്.എം | 27-10-2021 | 31-03-2022 |
| ദീപ ബി നായർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ആഷിക്ക രാമചന്ദ്രൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| സുവീന വി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ജിനു വി | അസി.എഞ്ചിനീയർ | 01-04-2021 | 23-07-2021 |
| മുരളീധരൻ എം ജി | അസി.എഞ്ചിനീയർ | 23-07-2021 | 31-03-2022 |
| റെയ്മോൻ ഡി | ഡയറി ഫാം ഇൻസ്റ്റ്രക്ടർ | 01-04-2021 | 31-03-2022 |
| ഡെൽഫീന ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2021 | 31-05-2021 |
| സൂര്യമോൾ ടി ആർ | കൃഷി ഓഫീസർ (ചാർജ്ജ്) | 01-06-2021 | 21-10-2021 |
| പ്രവീൺ ജോൺ | കൃഷി ഓഫീസർ | 21-10-2021 | 31-03-2022 |
| അജയകുമാർ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| രതീഷ് പി ആർ | വി ഇ ഓ | 01-04-2021 | 12-08-2021 |

| | | | |
|---|---|---|---|
| അമല മാത്യു | വി ഇ ഓ | 12-08-2021 | 01-10-2021 |
| സക്കറിയ മാർക്കോസ് | വി ഇ ഓ | 01-10-2021 | 31-03-2022 |
| അനുമോൾ പി ബി | വി ഇ ഓ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്കുകളുടെ അവലോകനം | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | സാമൂഹ്യസുരക്ഷാ പെൻഷൻ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു | 1-11 |
| 12 | വസ്തു നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയിരിക്കുന്നു. | 1-12 |
| 13 | ടെറസ് സംരക്ഷണം അധിക റൂഫിംഗ്-പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല | 1-13 |
| 14 | മേഖലകളെ സംബന്ധിച്ച വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല | 1-14 |
| 15 | ഗ്രാമപഞ്ചായത്തിൽ ഒരേ കെട്ടിടത്തിലെ മുറികൾക്ക് /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു. | 1-15 |
| 16 | ലൈസൻസ് അപേക്ഷ പ്രകാരമുള്ള ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല | 1-16 |
| 17 | വാടക ഈടാക്കിയിട്ടില്ല | 1-17 |
| 18 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ നിഷ്ക്രിയാസ്തികളായി തുടരുന്നു. | 1-18 |
| 19 | വിനോദ നികുതി ഈടാക്കിയിട്ടില്ല | 1-19 |
| 20 | വൃദ്ധർക്ക് കട്ടിൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-20 |
| 21 | പെൺകുട്ടികൾക്ക് അയോധനകലാ പരിശീലനം - അപാകതകൾ | 1-21 |
| 22 | കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം -സമഗ്രമല്ല. | 1-22 |
| 23 | കുടിവെള്ള പദ്ധതികളുടെ പമ്പ് സെറ്റ് വാങ്ങൽ- രേഖകൾ ലഭ്യമായില്ല. | 1-23 |
| 24 | എ.ഇ ഓഫീസിലേക്ക് കമ്പ്യൂട്ടർ - 1531 /- രൂപയുടെ അധികച്ചെലവ് | 1-24 |

| | | |
|---|---|---|
| 25 | ആസ്തിപരിപാലനം | 1-25 |
| 26 | തെരുവ് വിളക്കുകളുടെ കറന്റ് ചാർജ് - അവലോകനം | 1-26 |
| 27 | ബാരൽ വില നിശ്ചിത ശീർഷകത്തിൽ സർക്കാരിലേയ്ക്ക് അടവാക്കിയില്ല. | 1- 27 |
| 28 | വെള്ളക്കരം- സംയുക്ത പരിശോധന നടത്തിയില്ല. | 1-28 |
| 29 | ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. | 1-29 |
| 30 | മരം മുറിച്ചുമാറ്റിയതിന് ചെലവഴിച്ച തുക പ്രസിഡന്റ് കൈപ്പറ്റിയത്- പരാതിയിൻമേലുള്ള പരിശോധന- | 1-30 |
| 31 | മരുന്ന് മുഴുവൻ ലഭിച്ചില്ല- | 1-31 |
| 32 | തെരുവുവിളക്ക് പുതിയത് സ്ഥാപിയ്ക്കൽ- അപാകതകൾ | 1-32 |
| 33 | കമ്പ്യൂട്ടർ/അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ -രേഖകൾ പൂർണമല്ല | 1-33 |
| 34 | വിനിയോഗവിവരം ലഭ്യമാക്കാത്തത്- | 1-34 |
| 35 | വിവിധ കമ്മിറ്റി തീരുമാനങ്ങളിൻമേലുള്ള തുടർനടപടികൾ | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 26-03-22 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കും റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവ് കണക്കും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---:|---:|
| മുന്നിരിപ്പ് | 18277423.00 | 6481166.79 |
| വരവ് | 286933000.00 | 61894189.00 |
| ആകെ | 288760423.00 | 68375355.79 |
| ചെലവ് | 788112595.00 | 57985517.00 |
| നീക്കിയിരിപ്പ് | 74950023.00 | 10389838.79 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കും റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവ് കണക്കും തമ്മിൽ വലിയ അന്തരമുണ്ട്. മുൻവർഷങ്ങളിലെ പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ്ചെലവുകളും താരതമ്യം ചെയ്ത് തുടർ വർഷങ്ങളിൽ പരമാവധി വിഭവസമാഹരണവും, ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗവും ഉറപ്പുവരുത്താനുള്ള ആഭ്യന്തര നിയന്ത്രണസംവിധാനമെന്ന നിലയിൽ (ബഡ്ജറ്ററി കൺട്രോൾ) കൃത്യതയോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതാണ്.

### 1-2 വാർഷിക കണക്കുകളുടെ അവലോകനം

ഓഡിറ്റ് വർഷത്തെ വാർഷിക ധനകാര്യ പത്രിക, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 9,80,58,176- രൂപയും, ചെലവ് 10,46,69,954- രൂപയും, തൻവർഷ കമ്മി (-66,11,778) രൂപയുമാണ്. 31/03/2022-ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്തിന്റെ ആസ്തിമൂല്യം 5,50,39,566- രൂപയും, ബാധ്യതകളുടെ മൂല്യം 55610352.80 - രൂപയുമാണ്. ടി തുകകൾ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള വാർഷിക ധനകാര്യ പത്രികയുടെയും, പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും, ചുവടെ ചേർക്കുന്ന അക്കൗണ്ടിങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി-ബാധ്യത നിർണ്ണയം നടത്തി കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.
2. പ്രോജക്ട് അടിസ്ഥാനത്തിൽ വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതായിരുന്നുവെങ്കിലും, Capital Work In Progress ശീർഷകത്തിലെ നീക്കിയിരിപ്പിന്റെയും മുന്നിരിപ്പിന്റെയും ക്രമീകരണങ്ങളുടെയും ആധികാരികതയും കൃത്യതയും വിശദീകരിച്ചിട്ടില്ല.
3. KURDFC ലോൺ ഇനത്തിൽ 47,57,311/- രൂപയും, റൂറൽ ഡെവലപ്മെന്റ് ബോർഡ് ലോൺ ഇനത്തിൽ 47,27,988/- രൂപയുമാണ്, ബാലൻസ് ഷീറ്റ് (B-5) ഷെഡ്യൂൾ പ്രകാരം, പഞ്ചായത്തിന് ബാധ്യതയായി 31/03/2022 ൽ തിരിച്ചടവാക്കുവാൻ അവശേഷിക്കുന്ന വായ്പകൾ. എന്നാൽ, (B-16) Pre Paid Expenses ഷെഡ്യൂൾ പ്രകാരം, 44,57,311/- രൂപയുടെ രേഖപ്പെടുത്തലിന്റെ കൃത്യത വ്യക്തമല്ല. `
4. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. പഞ്ചായത്തിന്റെ, 31/03/2022 തീയതിയിലെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത വ്യക്തമാക്കുന്ന അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

6. I-17(a) ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല.
7. പഞ്ചായത്ത് ഫണ്ടിൽ 31/03/2022-ൽ നിലനിൽക്കുന്നതും 2021-22 വർഷം ഇടപാടുകളുണ്ടായിരുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ( B4 ഷെഡ്യൂൾ ) എ.സി.ആർ. സൂക്ഷിച്ചിട്ടുണ്ടെങ്കിലും, ആയത് പൂർണ്ണവും കൃത്യവുമല്ല. പ്രസ്തുത ഗ്രാന്റുകളുടെ വിനിമയത്തിന്റെ ആധികാരികതയും കൃത്യതയും പരിശോധിച്ച് ഉറപ്പിക്കുവാൻ സാധിക്കുന്നില്ല.
8. (RP-7) ഷെഡ്യൂളിലെ വിവിധ ഗ്രാന്റുകളുടെ ചെലവുകൾ സംബന്ധിച്ച് വാർഷിക ധനകാര്യ പത്രിക, സുലേഖ ചെലവ് പത്രിക, ACR എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വ്യത്യാസം നിലനിൽക്കുന്നു.
9. വാർഷിക ധനകാര്യ പത്രിക പ്രകാരം, (B-5) ഷെഡ്യൂളിലെ 330500204 ശീർഷകത്തിലെ തിരിച്ചടവാക്കുവാൻ അവശേഷിക്കുന്ന RDB ലോൺ തുക 47,27,988/- രൂപയാണ്. എന്നാൽ, സ്ഥാപനത്തിലെ ലോൺ രജിസ്റ്റർ പ്രകാരം, 43,27,988/- രൂപ ആണെന്നതിനാൽ, 4,00,000/- രൂപയുടെ അധിക ബാധ്യത AFS-ൽ നിലനിൽക്കുന്നുണ്ട്. ഇതു സംബന്ധിച്ച് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
10. നികുതി - നികുതിയേതര വരവുകളുടെ DCB, ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കൃത്യമായി രേഖപ്പെടുത്തൽ വരുത്തി വീക്ഷിക്കാത്തതിനാൽ, വാർഷിക ധനകാര്യ പത്രികയിലെ ബന്ധപ്പെട്ട ഷെഡ്യൂളുകളിലെ തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
11. അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ലാത്തതിനാൽ, വാർഷിക ധനകാര്യ പത്രികയിലെ ബന്ധപ്പെട്ട ഷെഡ്യൂളുകളിലെ തുകകളുടെയും, മുന്നിരിപ്പിന്റെ കൃത്യതയും ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
12. MGNREGA ക്യാഷ് ബുക്ക് പ്രകാരം 01.04.2021 -ലെ മുന്നിരിപ്പ് ('0.50/-' എന്നത് '96569.50/-' ആയി രേഖപ്പെടുത്തിയത് ) തെറ്റായി അകൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളതിനാൽ, ക്യാഷ് ബുക്ക് തുകകളും ബന്ധപ്പെട്ട AFS തുകകളുമായി വ്യത്യാസം നിലനിൽക്കുന്നു.
13. ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ടുള്ള KURDFC ലോൺ വരവ് ചെലവ് വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തി വീക്ഷിക്കുന്നില്ല.
14. (B-4) ഷെഡ്യൂളിലെ (320800101) ശീർഷകത്തിൽ നിലനിൽക്കുന്ന 48,000/- രൂപയുടെ ഗുണഭോക്തൃവിഹിതം വിശദീകരിക്കപ്പെട്ടിട്ടില്ല.
15. കർഷകതൊഴിലാളി പെൻഷൻ ഇനത്തിൽ വിതരണം ചെയ്ത 1711100/- രൂപ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.
16. സംയുക്തപ്രോജക്ടുകൾക്കായി ചെലവഴിച്ച വാർഷികകണക്കുകൾ പ്രകാരമുള്ള ചെലവുതുകയും ചെലവ് പത്രിക പ്രകാരമുള്ള ചെലവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
17. ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് തുകകളുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ACR എന്നിവയിലെ നീക്കിയിരിപ്പ് B4-ഷെഡ്യൂളിലെ തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2021-22 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയുടെ വിവരവും ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 6481166.79 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61894189.00 |
| ആകെ | 68375355.79 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57985517.00 |
| നീക്കിയിരിപ്പ് | 10389838.79 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1621571.00 |

## 1-4 ഗ്രാന്റ് വിനിയോഗം

ഓഡിറ്റ് വർഷത്തെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം, വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR), ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തുടങ്ങിയവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ചത് ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് ഇനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് – ജനറൽ | 0 | 1,09,49,640/- | 1,09,49,640/- | 1,07,29,624/- | 2,20,016/- | 97.99 |
| വികസനഫണ്ട് – എസ്.സി.എസ്.പി | 0 | 18,71,032/- | 18,71,032/- | 17,56,246/- | 1,14,786/- | 93.86 |
| വികസനഫണ്ട് – ടി.എസ്.പി | 0 | 2,04,985/- | 2,04,985/- | 1,74,000/- | 30,985/- | 84.88 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 44,39,779/- | 44,39,779/- | 18,54,180/- | 25,85,599/- | 41.76 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 35,44,353/- | 35,44,353/- | 29,77,959/- | 5,66,394/- | 84.01 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 81,86,986/- | 81,86,986/- | 80,15,163/- | 1,71,823/- | 97.90 |
| സംരക്ഷണഗ്രാന്റ് – നോൺ റോഡ് | 0 | 51,45,680/- | 51,45,680/- | 29,45,096/- | 22,00,584/- | 57.23 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 20,19,828/- | 2,60,000/- | 22,79,828/- | 3,90,000/- | 18,89,828/- | - |
| സംയുക്ത പദ്ധതി - ബ്ലോക്ക് പഞ്ചായത്ത് | - | 20,20,174/- | 20,20,174/- | 20,20,174/- | - | - |
| സംയുക്ത പദ്ധതി - ജില്ലാ പഞ്ചായത്ത് | - | 89,12,635/- | 89,12,635/- | 89,12,635/- | - | - |

ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക തുടങ്ങി വികസനഫണ്ടിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ടിട്ടുള്ള തുക

വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല. വികസന ഫണ്ടിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്തിട്ടുള്ള തുക കിഴിച്ചുള്ള തുകയാണ്, ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി രേഖപ്പെടുത്തിയിട്ടുള്ളത്. സ്രോതസ്സിൽ കുറവ് ചെയ്തിട്ടുള്ള തുകകൾ ഉൾപ്പെടെയാണ്, സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിരിക്കുന്നത്.

ഓഡിറ്റ് വർഷം സ്ഥാപനത്തിന്, ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ 94,18,000/- രൂപ ലഭ്യമായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം ഇലക്ട്രോണിക് വോട്ടിംഗ് മെഷിൻ വാങ്ങുന്നതിലേക്കായി സംരക്ഷണഗ്രാന്റ് - നോൺറോഡ് ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്തിരുന്ന 35,319/- രൂപ, ഓഡിറ്റ് വർഷം സ.ഉ (സാധാ) 1276/2022/ധന/24.02.2022 പ്രകാരം തിരികെ ലഭ്യമായിട്ടുണ്ട്. GO (Rt)2617/2022 /fin/31-03-22 പ്രകാരം മെയിന്റനൻസ് ഫണ്ട് ( റോഡ് ) ഇനത്തിലുള്ള 2,986/- രൂപയും മെയിന്റനൻസ് ഫണ്ട് ( നോൺ റോഡ് ) ഇനത്തിലുള്ള 2,92,361/- രൂപയും ഉൾപ്പെടെയുള്ള തുകകളാണ് മേൽപട്ടികയിൽ വരവ് ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ വിവിധ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരുന്ന തുകയിൽ ചെലവഴിക്കാതിരുന്ന തുക, G.O (Rt) 6591/2021/fin/07.10.2021 പ്രകാരം പുനരധികൃതമാക്കി, ധനകാര്യ കമ്മീഷൻ 'റ്റൈഡ്' ഇനത്തിൽ 14,29,779/- രൂപയും, ധനകാര്യ കമ്മീഷൻ 'അൺ റ്റൈഡ്' ഇനത്തിൽ 15,37,353/- രൂപയും ലഭ്യമായിട്ടുണ്ട്.

ടി സർക്കാർ ഉത്തരവുകൾ പ്രകാരം ലഭ്യമായിട്ടുള്ള എല്ലാ തുകകളും ഉൾപ്പെടെയുള്ള വിവരങ്ങളാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

വിവിധ ഗ്രാന്റിനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ പ്രോജക്ട് നം./തുക) | അനുവദിച്ച അറ്റ തുക |
|---|---|---|---|
| വികസന ഫണ്ട്- General | 1,09,49,640/- | 207/2022 : 3,52,000/-<br>203/2022 : 4,20,237/-<br>210/2022 : 7,92,000/-<br>202/2022 : 2,62,800/-<br>206/2022 : 2,62,800/-<br>209/2022 : 2,62,800/-<br><br>ആകെ : 23,52,637/- | 85,97,003/- |
| വികസന ഫണ്ട്- SCSP | 18,71,032/- | 208/2022 : 66,000/-<br>204/2022 : 77,186/-<br>211/2022 : 1,76,000/-<br><br>ആകെ : 3,19,186/- | 15,51,846/- |

| | | | |
|---|---|---|---|
| വികസന ഫണ്ട്-TSP | 2,04,985/- | 205/2022 : 8,576/- | 1,96,409/- |

സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 പ്രകാരമുള്ള ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 10.03.2022ലെ ഉത്തരവ് നം. 81898/21/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിങ്ങ് ഗ്രൂപ്പ് യോഗം | 27-01-22 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 30-01-21, 03-02-21, 6-2-21, 07-02-22 |
| ഊരുകൂട്ടം /വയോജന/ഭിന്നശേഷി ഗ്രാമസഭ | 15-02-21 |
| വികസനസെമിനാർ | 16-02-21 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 277216337രൂപയും ആകെ ചെലവ് 43744624-രൂപയുമാണ്. ചെലവ് 16%. 33 സ്പിൽഓവർ പ്രോജക്ടുകളും 140പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 173 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 138എണ്ണം തൻവർഷം നടപ്പാക്കി. തൻവർഷം പ്രോജക്ടുകൾ ഏറ്റെടുത്ത 12 നിർവ്വഹണോദ്യോഗസ്ഥരിൽ വെറ്ററിനറി സർജൻ, വിഇഒ , അസിസ്റ്റൻറ് സെക്രട്ടറി എന്നിവർക്ക് 50% ൽ താഴെയാണ് ചെലവ്. ഇതിൽ തന്നെ വിഇഒ യ്ക്ക് വളരെ താഴ്ന്ന ചെലവ് ശതമാനമാണുള്ളത്. ലൈഫ് ഭവനപദ്ധതിയിൽ ജില്ലാപഞ്ചായത്ത്, മറ്റു ബ്ലോക്ക് പഞ്ചായത്ത്, വായ്പയിനങ്ങളിൽ വകയിരുത്തിയിരിയ്ക്കുന്ന തുകകൾ ലഭ്യമാകാത്തതു ചെലവ് ശതമാനത്തിൽ വലിയ കുറവ് വരുത്തിയിട്ടുണ്ട്. അതുപോലെ അസി.സെക്രട്ടറി ഏറ്റെടുത്തവയിൽ പകുതി പ്രോജക്ടുകൾ തൻവർഷം നടപ്പാക്കാനാകാതെ വന്നതും വെറ്റിനറി സർജൻ ഏറ്റെടുത്ത കറവപശു വിതരണം പദ്ധതി നടപ്പാക്കാനാകാത്തതും ആട് ഗ്രാമം പദ്ധതിയിലെ ചെലവ് കുറവും ചെലവ് ശതമാനം താഴാൻ ഇടയാക്കിയിട്ടുണ്ട്. അസി എഞ്ചിനീയർ 70% ൽ അധികം ചെലവഴിച്ചിട്ടുണ്ടെങ്കിലും വികസനഫണ്ട്, മെയിന്റനൻസ് (റോഡിതരം) ഫണ്ടുകൾ 40% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 662163 | 525123 | 79 |
| വെറ്ററിനറി സർജൻ | 5 | 3 | 1907000 | 508730 | 27 |
| എം.ഒ ( പിഎച്ച്സി) | 5 | 5 | 1415608 | 1135559 | 80 |
| എം.ഒ (ഹോമിയോ) | 2 | 2 | 115000 | 114522 | 99.5 |
| എം.ഒ (ആയുർവേദം) | 2 | 2 | 315000 | 315000 | 100 |
| വി ഇ ഒ | 16 | 11 | 237684949 | 15806866 | 6.7 |
| ഹെഡ്മാസ്റ്റർ | 4 | 4 | 91348 | 72199 | 79 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 7 | 6 | 3794454 | 3143251 | 83 |
| സെക്രട്ടറി | 35 | 31 | 7775154 | 5788936 | 74 |
| അസി.എൻജിനീയർ എൽ.എസ്.ജി.ഡി | 82 | 63 | 21662181 | 15349116 | 71 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1000000 | 818100 | 82 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 4 | 793480 | 167222 | 21 |
| ആകെ | 173 | 138 | 277216337 | 43744624 | 16 |

ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു.

| ക്രമ നമ്പർ | ഫണ്ടിനം | ലാപ്സായ തുക |
|---|---|---|
| 1 | വികസനഫണ്ട്, പൊതുവിഭാഗം | 2,20,016 |
| 2 | വികസനഫണ്ട്, എസ്.സി.പി | 1,14,786 |
| 3 | വികസനഫണ്ട്, റ്റി.എസ്.പി | 30,985 |
| 4 | മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 1,71,823 |
| 5 | മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം | 22,00,584 |
| | ആകെ | 27,38,194 |

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2021-22 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2021-22 ൽ സാങ്കേതിക അനുമതി ലഭിച്ച 216 പ്രോജക്ടുകളിൽ 216 എണ്ണവും തൻവർഷം പൂർത്തിയാക്കി. 2021-22 വർഷം 37914 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 553 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2021-22 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

<table>
<tr><td colspan="2">മുന്നിരിപ്പ്</td><td>96569.50</td></tr>
<tr><td rowspan="2">വരവ്</td><td>ഇ.എഫ്.എം.എസ്. വരവ് 17141470/-</td><td rowspan="2">17149205/-</td></tr>
<tr><td>ക്യാഷ് വരവ് (ബാങ്ക് പലിശ ഉൾപ്പടെ) 7735/-</td></tr>
<tr><td colspan="2">ആകെ</td><td>17245774.5</td></tr>
<tr><td rowspan="4">ചെലവ്</td><td>തൊഴിലാളികളുടെ വേതനം 11022860/-</td><td rowspan="4">17238039/-</td></tr>
<tr><td>വിദഗ്ധ തൊഴിലാളികളുടെ വേതനം 5406231/-</td></tr>
<tr><td>ഉപകരണങ്ങളുടെ വില, വാടക</td></tr>
<tr><td>ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) 808948/-</td></tr>
<tr><td>നീക്കിയിരുപ്പ്</td><td></td><td>7735.50</td></tr>
<tr><td></td><td></td><td></td></tr>
</table>

## 1-7 സാമൂഹ്യസുരക്ഷാ പെൻഷൻ

2021-22 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 20880 | 13 |
| വാർദ്ധക്യകാലപെൻഷൻ | 33753600 | 1837 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 8332800 | 652 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 883200 | 47 |
| വികലാംഗപെൻഷൻ | 3494400 | 49 |
| വിവാഹ ധനസഹായം | 90000 | 3 |

കർഷകതൊഴിലാളി പെൻഷൻ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.03.2023 തീയതിയിൽ 03.05 പി.എം-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10,466/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവിലൂടെ ജീവനക്കാർക്ക് ചുമതലകൾ കൃത്യമായി വിഭജിച്ച് നൽകിയിട്ടുണ്ട്. അഡ്വാൻസ്/ ഡെപ്പോസിറ്റ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. കാലഹരണപ്പെട്ട തുകകൾ തനതുഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല. പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. തെരുവുവിളക്കുകൾ സംബന്ധിച്ച രജിസ്റ്ററും സൂക്ഷിയ്ക്കുന്നില്ല. നികുതി - നികുതിയേതര വരവുകളുടെ DCB, ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കൃത്യമായി രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. KURDFC ലോൺ വരവ് ചെലവ് വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തി വീക്ഷിക്കുന്നില്ല. വൌച്ചറുകൾ കൃത്യമായി മാസം തിരിച്ച് അടുക്കി സൂക്ഷിയ്ക്കുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാ മാസങ്ങളിലും ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് പദ്ധതി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ പ്രോജക്ടുകളുടെ നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി മോണിറ്റർ ചെയ്ത് പദ്ധതി പൂർത്തീകരണസാക്ഷ്യപത്രം തയ്യാറാക്കിയതായി ഒരു ഫയലിലും കാണുന്നില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇതു സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/08/22-27/04/22 | 01/2022-03/2022 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ്-ജനറലിന്റെ ഓഡിറ്റ് | 29/01/18-08/02/18 | 2012-13 മുതൽ 2016-17വരെ | LBA(HQ)II/8A-2771/372 Dated 6/04/2021 |

## 1-11 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | 11/216 A | ജേക്കബ് തോമസ് | മൈലാടിക്കര-തുമ്പോളി | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 2 | 11/218 B | ഏലിക്കുട്ടി | മൈലാടിക്കര-തുമ്പോളി | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 3 | 7/321 F | ടൈറ്റസ് സി ജോർജ്ജ് | പാല-കൊട്ടുങ്ങൂർ | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 4 | 7/321 C | ജോയ്സ് മാത്യു | പാല-കൊട്ടുങ്ങൂർ | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 12/21-03-23) അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-12 വസ്തു നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയിരിക്കുന്നു.

1994 കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പ് പ്രകാരം ആരാധനാലയങ്ങൾ, ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാലയങ്ങൾ , ഹോസ്റ്റലുകൾ, സൗജന്യ ചികിത്സ ലഭിക്കുന്ന ആതുരാലയങ്ങൾ, അഗതി മന്ദിരങ്ങൾ, വായന ശാലകൾ, പ്രാചീന സ്മാരകങ്ങൾ, ശവം അടക്കുകയോ ദഹിപ്പിക്കുകയോ ചെയ്യുന്ന സ്ഥലങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വക കെട്ടിടങ്ങൾ, മുപ്പത് ച. മീ കുറവുള്ള വാസ ഗൃഹങ്ങൾ (നിലവിൽ 60 എം2 വരെയുള്ള വാസഗൃഹങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. സർക്കാർ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യമായി നിർമ്മിച്ച് കൊടുത്തിട്ടുള്ള വാസ ഗൃഹങ്ങൾ എന്നീ ഇനങ്ങളിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്കാണ് വസ്തു നികുതി ഇളവിന് അർഹതയുള്ളത്. എന്നാൽ പ്രസ്തുത ഗണത്തിൽ ഉൾപ്പെടാത്ത താഴെ പറയുന്ന കെട്ടിടങ്ങളെ സഞ്ചയയിൽ 'നികുതി, ഉപ നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ' എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| 1 | 1/218 | അമല ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ് | 12.4 |
| 2 | 2/527/a | ജയശ്രീ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ് | 25 |
| 3 | 6/382 | പ്രിയദർശിനി ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ് | 30 |
| 4 | 6/410 | യൂണിവേഴ്സൽ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ് | 40 |
| 5 | 7/10 | പീപ്പിൾ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ് | 28 |
| 6 | 13/341 | വിജയ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ് | 17.7 |
| 7 | 9/70 | ആനിക്കാട് വടുതല കുടുംബയോഗം | 30 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം11/21-03-23) പരാമർശിത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധക്കേണ്ടതാണ്.

1-13 ടെറസ് സംരക്ഷണം അധിക റൂഫിംഗ്-പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 74 ഉപചട്ടം 1 പ്രകാരം ഉയരം 10 മീറ്ററിൽ കൂടാത്തതും 3 നില വരെയുള്ളതുമായ താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് അധികമായി ഷീറ്റ്/ ഓട് ഉപയോഗിച്ച് ടെറസിന് മുകളിൽ റൂഫിംഗ് നടത്തുന്നതിന് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും പെർമിറ്റ് എടുക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള അധിക നിർമ്മിതി ടെറസിന് സംരക്ഷണം നല്കുന്നതും എല്ലാ വശങ്ങളും തുറന്ന നിലയിലുള്ളതുമായിരിക്കണം. ഇവ ബിൽറ്റ് അപ് ഏരിയ ആയി പരിഗണിക്കുന്നില്ല എങ്കിലും ഉപചട്ടം 2 പ്രകാരം പെർമിറ്റ് ഫീസ് ഈടാക്കേണ്ടതുണ്ട്. 2021-22 വർഷം പെർമിറ്റ് നല്കിയിട്ടുള്ള കെട്ടിടങ്ങളുടെ പ്ലാൻ പ്രകാരം ടെറസിന് മുകളിൽ അധികമായി റൂഫിംഗ് നല്കിയിട്ടുണ്ട് എങ്കിൽ പോലും പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ.നം | ഫയൽ നം, പേര്,വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ.) |
|---|---|---|
| 1 | A3-2940/21, 16.08.2021<br>രാജൻ തേക്കിലക്കാട്ടിൽ | 364.02 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 18/22-03-23) ടിയാളിൽ നിന്നും പെർമിറ്റ് ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർന്നു വരുന്ന അപേക്ഷകളിലും ഇപ്രകാരം നടപടി സ്വീകരിച്ച് പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്.

1-14 മേഖലകളെ സംബന്ധിച്ച വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7(4) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിൽ മേഖലകളെ സംബന്ധിച്ച വാർഡ് മാപ്പ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/21-03-23) ഭാവിയിൽ വാർഡ് മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-15 ഗ്രാമപഞ്ചായത്തിൽ ഒരേ കെട്ടിടത്തിലെ മുറികൾക്ക് /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു.

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം, ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായി തരംതിരിച്ചിട്ടുണ്ട്. ആയതിനാൽ പ്രഥമത്തിന് നികുതിയിളവ് ഇല്ലാത്തതാണ്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയർ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ഒരേ വ്യക്തിയുടെ തന്നെ ഒരേ കെട്ടിടത്തിലെ വിവിധ മുറികളെ/സമീപകെട്ടിടങ്ങളെ വ്യത്യസ്ത മേഖലയിൽപെടുത്തി വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നമ്പർ | മേഖല |
|---|---|---|
| വേണുഗോപാൽ | 9/43D (പാർപ്പിട ആവശ്യം-) | ദ്വിതീയം |
| | 9/43 E (വാണിജ്യ ആവശ്യം) | പ്രഥമം |
| വിഷ്ണു കീന്തലാങ്കൽ | 5/ 408 (വാണിജ്യ ആവശ്യം) | ത്രിതീയം |
| | 5/ 408 A (വാണിജ്യ ആവശ്യം) | ദ്വിതീയം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 13/21-03-23) ഒരേ മേഖലയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് വെവ്വേറെ മേഖല നൽകി നികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയം നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതയിന്മേലുള്ള തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-16 ലൈസൻസ് അപേക്ഷ പ്രകാരമുള്ള ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ്

സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും പരിശോധിച്ചതിൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കണ്ടന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | യുണീക്ക് വെഡ്ഡിംഗ് മൂവീസ് | 8 |
| 2 | ഫെയിം എഫ് എക്സ് സ്റ്റുഡിയോ | 4 |
| 3 | ജോയ്സ് ബേക്കറി ബോർമ്മ | 6 |
| 4 | മുണ്ടകപ്പമ്പിൽ ഫുട്വെയേഴ്സ് | 4 |
| 5 | ഓർക്കിഡ് ബ്യൂട്ടിപാർലർ | 4 |
| 6 | റോയൽ എന്റർപ്രൈസസ് | 4 |
| 7 | വീനസ് എന്റർപ്രൈസസ് | 4 |
| 8 | എസ്.എം.ഫ്യൂവൽസ് | 7 |
| 9 | റോക്ക് ഫീൽഡ് എസ്റ്റേറ്റ് | 5 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി(നം 10/21-03-23) ലഭ്യമാക്കിയിട്ടില്ല. പരാമർശിത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-17 വാടക ഈടാക്കിയിട്ടില്ല

2021-22 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറികളിൽ താഴെ പറയുന്ന മുറികളുടെ വാടക ഈടാക്കിയില്ല എന്ന് കാണുന്നു.

| മുറി നമ്പർ | കുത്തകക്കാരൻ | മാസ വാടക | കുടിശ്ശിക കാലയളവ് | കുടിശ്ശിക |
|---|---|---|---|---|
| III/474 | തോമസ് കുട്ടി മൈലാടി | 2879 | 04/21-03/22 | 34548 |
| III/475 | തോമസ് കുട്ടി മൈലാടി | 1505 | 02/22-03/22 | 3010 |
| III/476 | പി.എസ് രാമചന്ദ്രൻ | 1445 | 03/22 | 1445 |
| VII/118 | ബിന്ദു സുരേഷ് | 1968 | 04/21-03/22 | 23616 |
| VII/116 | വിജയമ്മ | 1794 | 04/21-03/22 | 21528 |
| XIII/547 | സുനിൽ കെ ശങ്കർ | 1742 | 04/21-03/22 | 20904 |
| | ആകെ | | | 105051 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 7/21-03-23) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക പിഴ പലിശയും ജി.എസ്.ടിയും ചേർത്ത് ഈടാക്കി

വിവരമറിയിക്കേണ്ടതാണ്.

1-18 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ നിഷ്ക്രിയാസ്തികളായി തുടരുന്നു.

വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന മുറികൾ 2021-22 സാമ്പത്തിക വർഷം ഒഴിവായി കിടക്കുന്നതായി കാണുന്നു.

| ക്രമ നമ്പർ | മുറി നമ്പർ |
|---|---|
| 1 | VII/ 117 |
| 2 | VII/ 115 |
| 3 | VII/ 114 |
| 4 | VII/ 113 |
| 5 | VII/ 112 |
| 6 | VII/ 111 |
| 7 | VII/ 110 |
| 8 | VII/ 109 |
| 9 | VII/ 108 |
| 10 | XIII/ 548 |
| 11 | XIII/ 546 |
| 12 | XIII/ 545 |
| 13 | XIII/ 544 |
| 14 | XIII/ 543 |
| 15 | XIII/ 542 |
| 16 | XIII/ 541 |

പഞ്ചായത്തിന്റെ ആസ്തികൾ ഇപ്രകാരം നിഷ്ക്രിയാസ്തികളായി തുടരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 8/21-03-23) വാടക നിരക്ക് കൂടുതലായതിനാൽ പ്രസ്തുത മുറികളുടെ ലേലത്തിൽ ആരും പങ്കെടുക്കുന്നില്ലയെന്നും വാടക നിരക്ക് കുറക്കുന്നതിന് സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രപ്പോസൽ അടുത്ത കമ്മറ്റി അജണ്ടയിൽ ഉൾപ്പെടുത്തുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-19 വിനോദ നികുതി ഈടാക്കിയിട്ടില്ല

പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ അഞ്ചാനി സിനിമാസ് എന്ന തീയേറ്റർ പ്രവർത്തിക്കുന്നുണ്ടെങ്കിലും 2021-22 സാമ്പത്തിക വർഷം വിനോദ നികുതി ഇനത്തിൽ വരവൊന്നും ലഭ്യമായതായി കാണുന്നില്ല. 22.11.21 തീയതിയിലെ തദ്ദേശ്ശ സ്വയംഭരണ (ആർ.ഡി) വകുപ്പ് സർക്കാർ ഉത്തരവ് (സാധാ)നം:2358/21/തസ്വഭവ പ്രകാരം കോവിഡ് വ്യാപനത്തെ തുടർന്ന് അടഞ്ഞു കിടക്കുന്ന സിനിമ തീയേറ്ററുകൾക്ക് ഏർപ്പെടുത്തിയിരുന്ന വിനോദ നികുതി 2021 ഏപ്രിൽ 1 മുതൽ 2021 ഡിസംബർ 31 വരെ ഇളവ് നൽകിയിട്ടുണ്ടെങ്കിലും 2022 ജനുവരി മുതൽ 2022 മാർച്ച് വരെയുള്ള മാസങ്ങളിലെ വിനോദ നികുതി പ്രസ്തുത സിനിമാ തീയേറ്ററിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയതായി കാണുന്നില്ല. ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/21-03-23) വിനോദ നികുതി അടവാക്കണമെന്ന് കാണിച്ച് പരാമർശിത തീയേറ്റർ ഉടമക്ക് കത്ത് നൽകിയതായും വിനോദ നികുതി ഒടുക്കാമെന്ന് ടിയാൻ സമ്മതിച്ചതായും മറുപടി നൽകിയിട്ടുണ്ട്. നികുതി ഈടാക്കി

വിവരമറിയിക്കേണ്ടതാണ്

1-20 വൃദ്ധർക്ക് കട്ടിൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 17/22 |
| അടങ്കൽ, ഫണ്ടിനം | 535018/- വികസനഫണ്ട് (ജനറൽ) |
| ചെലവ് | 395759 /- |
| ബിൽ നമ്പർ, തീയതി | 6/31.12.21 |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

91 ഗുണഭോക്താക്കൾക്ക് 4349/- രൂപ നിരക്കിൽ കാഡ്കോയിൽ നിന്നും ഹാർഡ് വുഡ് കട്ടിൽ വാങ്ങി നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 22/18/എൽ.എസ്.ജി.ഡി തീയതി 14.2.18 പ്രകാരം നിശ്ചയിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിലാണ് വാങ്ങിയിരിക്കുന്നത്. ജി.ഒ (ആർ.റ്റി) 45/2010/ SPD തീയതി 25.9.10 പ്രകാരം സ്റ്റീൽ / തടി ഫർണ്ണീച്ചറുകൾ ടെണ്ടറില്ലാതെ കാഡ്കോയിൽ നിന്ന് വാങ്ങാവുന്നതാണ്. എന്നാൽ പ്രസ്തുത ഉത്തരവിന്റെ അനുബന്ധം പ്രകാരമുള്ള പ്രൈസ് ലിസ്റ്റിൽ മാർഗ്ഗരേഖയിൽ പരാമർശിക്കുന്ന സ്പെസിഫിക്കേഷനുള്ള കട്ടിലുള്ളതായി കാണുന്നില്ല. . കട്ടിലിന്റെ കനത്തെ സംബന്ധിച്ച് പർച്ചേസ് ഇൻവോയ്സിൽ പരാമർശിച്ചിട്ടില്ല.

ടെണ്ടർ ക്ഷണിക്കാതെ കട്ടിൽ പർച്ചേസ് ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 2/21-03-23 ) ക്ക് പ്രസ്തുത ഉത്തരവിന്റെ അനുബന്ധം പ്രകാരമുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ ടെണ്ടർക്ഷണിച്ചേ വാങ്ങാവൂ എന്ന് അറിയില്ലായിരുന്നു എന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പർച്ചേസ് നടത്തിയത് ക്രമപ്രകാരമല്ല. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

1-21 പെൺകുട്ടികൾക്ക് അയോധനകലാ പരിശീലനം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 20/22 |
| അടങ്കൽ, ഫണ്ടിനം | 105000/- വികസനഫണ്ട് (ജനറൽ) |
| ചെലവ് | 85599/- |
| ബിൽ നമ്പർ, തീയതി | 5/24.12.21 = 66571<br>9/25.2.22 = 19028 |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

പെൺകുട്ടികൾക്ക് സ്വയരക്ഷയ്ക്കായ് തായ്ക്കോണ്ട പരിശീലനം നൽകുകയും ആവശ്യമായ പരിശീലന സാമഗ്രികൾ വാങ്ങുകയുമായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം . തായ്ക്കോണ്ട അസ്സോസിയേഷൻ ഓഫ് കേരളയുടെ ഇൻസ്ട്രക്ടർ ട്രെയിനിംഗ് സർട്ടിഫിക്കറ്റുള്ള ഡൊമിനിക് വി.റ്റി എന്നയാളെ ട്രെയിനറായി

സെലക്റ്റ് ചെയ്തിട്ടുണ്ട്. പ്രതിമാസം 7500/- രൂപ നിരക്കിൽ ടിയാന് പ്രതിഫലം നിശ്ചയിക്കുകയും ചെയ്തു.ഫയൽ പരിശോധിച്ചതിൽ നിന്നും 11/21 മുതൽ 3/22 വരെയുള്ള മാസങ്ങളിൽ പ്രതിമാസം 8 ക്ളാസ്സുകൾ വീതം ( ഒരു ക്ളാസ്സ് 2.30 മണിക്കൂർ) നൽകിയിട്ടുള്ളതായി കാണുന്നു. പ്രോജക്റ്റിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗ്ളോബൽ തായ്ക്കോണ്ട എക്വിപ്മെന്റ്സ്, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും 64,974 /- രൂപയ്ക്ക് വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ആയതിന്റെ സംരക്ഷണം, പരിപാലനം എന്നിവ ആർക്കാണെന്ന് വ്യക്തമല്ല.

2) 8 ക്ളാസ്സുകൾ പ്രതിമാസം എടുക്കുന്നതിനാണ് പ്രതിമാസം 7500/- രൂപ നിരക്കിൽ നൽകുന്നതെന്ന് കരാറിൽ പ്രതിപാദിച്ചിട്ടില്ല.

3) തെരഞ്ഞെടുത്ത പെൺകുട്ടികൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 1/21-03-23 )അപാകതകൾ പരിഹരിക്കുമെന്ന് മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ചശേഷം വിവരം അറിയിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതുവരെ ചെലവുതുക 85599-രൂപ തടസ്സപ്പെടുത്തുന്നു.

1-22 കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം -സമഗ്രമല്ല.

പഞ്ചായത്തിൽ നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും പ്രവൃത്തികൾ തുടർന്നു വരുന്നതുമായ വിവിധ കുടിവെള്ള പദ്ധതികൾ ഉണ്ട്. ഇവയ്ക്കാവശ്യമായ ഫണ്ട് പദ്ധതി വിഹിതത്തിൽ നിന്നും പഞ്ചായത്ത് വകയിരുത്തുകയും, ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾ സ്വന്തം നിലയ്ക്ക് ഏറ്റെടുത്ത് ചെയ്യുകയും ചെയ്യുന്നുണ്ട്. 2021-22 ൽ അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | വാഴേപ്പറമ്പ് കുടിവെള്ള പദ്ധതി | 486747 |
| 2 | ചക്കാംപുഴ കുടിവെള്ളപദ്ധതി | 164916 |
| 3 | അമ്മിണിശ്ശേരി കുടിവെള്ളപദ്ധതി | 115722 |
| 4 | വെട്ടിക്കയം എസ്.സി കോളനി കുടിവെള്ളപദ്ധതി | 337942 |
| 5 | മക്കനാൽ കുടിവെള്ളപദ്ധതി | 254925 |
| 6 | പുള്ളോലിൽ കുടിവെള്ളപദ്ധതി | 115693 |
| 7 | മുഴയനാൽ എസ് സി കോളനി കുടിവെള്ളപദ്ധതി | 114665 |
| | ആകെ | 1590610 |

പഞ്ചായത്ത് വികസനഫണ്ടിന്റെ പ്രധാന വിഹിതം ചെലവഴിച്ചിട്ടുള്ളത് വിവിധ കുടിവെള്ള പദ്ധതികൾക്കായാണ്. കുടിവെള്ള പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പൊതുവായതും ഫണ്ട് വിനിയോഗ വിവരം പരിശോധിക്കുന്നതിന് തടസ്സമാകുന്നതുമായ അപാകതകൾ ചുവടെ ചേർക്കുന്നു.

. മേൽ സൂചിത കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്തതിന്റെ രേഖകൾ,

പൂർത്തീകരണ സാക്ഷ്യപത്രം , മോണിട്ടറിംഗ് റിപ്പോർട്ടുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

- പൂർത്തീകരിച്ച പദ്ധതികൾ ഗുണഭോക്തൃ സമിതികളെ കരാർ പ്രകാരം ഏല്പിച്ചത് സംബന്ധിച്ച രേഖകളില്ല.
- കുടിവെള്ള പദ്ധതിയുടെ വിവിധ ഘടകങ്ങളായ സ്രോതസ്, ജലസംഭരണി, ടാങ്കിലേക്ക് ജലമെത്തിക്കുന്ന പൈപ്പ് ലൈൻ, വിതരണ ശൃംഖല തുടങ്ങിയവ ഉൾപ്പെടുത്തിയ മാസ്റ്റർ പ്രോജക്ട് ഉടമസ്ഥാവകാശമുള്ള പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
- സ്രോതസ്, ടാങ്ക് മുതലായവയ്ക്ക് സറണ്ടർ ചെയ്ത് ലഭിക്കുന്ന സ്ഥലം യഥാസമയം പഞ്ചായത്തിന്റെ പേരിൽ കൂട്ടി കരം ഒടുക്കുന്നില്ല.
- പ്രോജക്ടിന്റെ രൂപരേഖ തയ്യാറാക്കിയിട്ടില്ല.
- ഉടമസ്ഥാവകാശമുള്ള പഞ്ചായത്തിന്റെ രേഖാമൂലമുള്ള അനുമതി ഇല്ലാതെ ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾ സ്വന്തം നിലയ്ക്ക് കുടിവെള്ള പദ്ധതിയുടെ ഘടകഭാഗങ്ങൾ ഏറ്റെടുത്ത് ചെയ്യുന്നു. മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ ചെയ്ത പ്രവൃത്തികളുടെ വിവരം പഞ്ചായത്തിൽ ലഭ്യമല്ല.
- എച്ച് പി കാൽകുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നില്ല.
- ചെറിയ തുകകൾ അടങ്കലാക്കി നിരവധി കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നത് മൂലം ഫലത്തിൽ ഒരു പ്രോജക്ടും ലക്ഷ്യം കൈവരിക്കാത്ത സ്ഥിതിയാണുള്ളത്.

മേൽ പറഞ്ഞ അപാകതകൾ കാരണം ഫണ്ടിന്റെ ശരിയായ വിനിയോഗം ഉറപ്പുവരുത്തുന്നതിന് കഴിയുന്നില്ല. മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രവൃത്തികൾ ഏറെറടുക്കുന്നതിലൂടെ പ്രവൃത്തികളിൽ ഇരട്ടിപ്പ് ഉണ്ടാകുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് കഴിയുന്നില്ല. ഗുണഭോക്തൃ സമിതികൾ സ്വന്തം നിലയിൽ ഏറ്റെടുക്കേണ്ട പ്രവൃത്തികൾ പഞ്ചായത്ത് ഏറ്റെടുക്കുന്നുണ്ടോ എന്ന് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23/23-03-23 ) മറുപടി ലഭ്യമാക്കിയില്ല. കുടിവെള്ള പദ്ധതികൾ സമഗ്രമായി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-23 കുടിവെള്ള പദ്ധതികളുടെ പമ്പ് സെറ്റ് വാങ്ങൽ- രേഖകൾ ലഭ്യമായില്ല.

ചുവടെ ചേർക്കുന്ന കുടിവെള്ള പദ്ധതികളിൽ പുതിയ പമ്പ് സെറ്റ് വാങ്ങൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | ഫണ്ടിനം | മോട്ടോറിനു വേണ്ടി ചെലവ് | ബിൽ നമ്പർ, തീയതി | റിമാർക്സ് |
|---|---|---|---|---|
| 167/22 വെട്ടിക്കയം എസ്.സി കോളനി കുടിവെള്ള പദ്ധതി | ജില്ലാ പഞ്ചായത്തി വിഹിതം | 42705/- (5HP Vertical Type Submersible Pump) | 329/29.3.22 | മോട്ടോറിന്റെ പർച്ചേസ് ബില്ല് , ഉപകരണം കൈമാറിയതിന്റെയും കരാറിലേർപ്പെട്ടതിന്റെയും രേഖകൾ ഇവ ഇല്ല |

| | | | | |
|---|---|---|---|---|
| 110/22 മുഴയനാൽ എസ്.സി കോളനികുടിവെള്ള പദ്ധതിക്ക് മോട്ടോർ | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 49359/- (7.5HP Vertical Type Submersible Pump) | 320/29.3.22 | മോട്ടോറിന്റെ പർച്ചേസ് ബില്ല് , ഉപകരണം കൈമാറിയതിന്റെയും കരാറിലേർപ്പെട്ടതിന്റെയും രേഖകൾ ഇവ ഇല്ല. പഴയ മോട്ടോർ, സ്റ്റാർട്ടർ എന്നിവ ലേലംചെയ്ത് മുതൽക്കൂട്ടിയില്ല. |
| | ആകെ | 92064/- | | |

റിമാർക്സിൽ പരാമർശിച്ചിട്ടുള്ള അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 24/23-03-23) മറുപടി ലഭ്യമായില്ല. രേഖകൾ ലഭ്യമാക്കുന്നതിലേക്കായി 92064/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 എ.ഇ ഓഫീസിലേക്ക് കമ്പ്യൂട്ടർ - 1531 /- രൂപയുടെ അധികച്ചെലവ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 91/22 |
| അടങ്കൽ, ഫണ്ടിനം | 40000/- റോഡിതര സംരക്ഷണഗ്രാന്റ് |
| ചെലവ് | 39797 /- |
| ബിൽ നമ്പർ, തീയതി | 203/15.2.22 |
| നിർവ്വഹണോദ്യോഗസ്ഥ | അസി.എഞ്ചിനീയർ |

അസി.എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് കെൽട്രോണിന്റെ ഇൻവോയ്സ് പ്രകാരം (നമ്പർ 34130/28.1.22) 39797 /- രൂപ കേരള സ്റ്റേറ്റ് ഐ.റ്റി മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ ടാക്സ് ഇൻവോയ്സ് പർച്ചേസ് ബില്ല് പ്രകാരം (നമ്പർ ITBGITI/SRC/0935/21-22 Dt 6.1.22 ) കമ്പ്യൂട്ടറിന് 38,266/- രൂപയാണ് വില. ഉപകരണം സ്റ്റോക്കിലെടുത്തിട്ടുമില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25/23-03-23 ) മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-25 ആസ്തിപരിപാലനം

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള കമ്മറ്റി രൂപീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, നിർമ്മാണ ചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു.

കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടില്ല. ആസ്തിരജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തിയിട്ടുള്ള പല ആസ്തികളെ സംബന്ധിച്ചും നിർമ്മാണം നടത്തിയ വർഷം രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് വിലയിരുത്തുന്നു.

റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി:29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്ത് ഇവ പൂർത്തീകരിച്ചതായി കാണുന്നില്ല. എന്നാൽ പഞ്ചായത്ത് ഇവ പൂർത്തീകരിച്ചതായി കാണുന്നില്ല. റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും പൂർത്തീകരിച്ചശേഷം വിവരം അറിയിക്കേണ്ടതാണ്.

1-26 തെരുവ് വിളക്കുകളുടെ കറന്റ് ചാർജ് - അവലോകനം

ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2021-22 സാമ്പത്തിക വർഷം 13,43,179/- രൂപ കെ.എസ്.ഇ.ബിയിൽ അടവാക്കിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിച്ച ഡിമാന്റ് പ്രകാരമാണ് ഒടുക്കിയിട്ടുള്ളത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുകയോ കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ യഥാർത്ഥത്തിൽ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന വിളക്കുകൾക്ക് തന്നെയാണോ തുക ഒടുക്കുന്നത് എന്നത് ഉറപ്പുവരുത്താൻ കഴിയുന്നില്ല.07.07.2010-ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ചെയ്തതായി കാണുന്നില്ല. ഏത് താരിഫിലാണ് വൈദ്യുതി ചാർജ് കെ.എസ്.ഇ.ബി ഈടാക്കിക്കൊണ്ടിരിക്കുന്നത് എന്ന് പരിശോധിക്കുന്നതിന് ആവശ്യമായ ഫയലുകളോ രജിസ്റ്ററുകളോ ലഭ്യമായിട്ടില്ല. .ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 21-03-2023- ലെ 6-ാം നമ്പർ എൻക്വയറി നൽകിയതിന് ലഭ്യമായ മറുപടിയിൽ ബില്ലുകൾ ലഭിക്കുന്നത് മീറ്ററിനെ അടിസ്ഥാനമാക്കിയാണ് എന്നും നിലവിൽ പഞ്ചായത്തിൽ 24 അൺമീറ്റേർഡ് വൈദ്യുതികണക്ഷൻ മാത്രമാണുള്ളത് എന്നും ആയത് മീറ്റേർഡ് ആക്കി മാറ്റുന്നതിന് ഭരണ സമിതി തീരുമാനപ്രകാരം 2022-23 വർഷം പദ്ധതി ഭേദഗതി നടക്കുന്ന സമയത്ത് നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ തെരുവിളക്കുകളുടെ വാർഡുതിരിച്ചുള്ള എണ്ണം, ഇനം, കൺസ്യൂമർ നമ്പർ എന്നിവ വ്യക്തമാക്കുന്ന തരത്തിൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാലും പരാതി രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും കേടാകുന്ന വിളക്കുകളുടെ വിവരവും ഓരോ വാർഷികപദ്ധതികളിലും മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കുന്ന വിളക്കുകൾ ഏതെല്ലാമാണെന്നും വ്യക്തമല്ല. മേൽവിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ- 20/23-03-23) മറുപടി ലഭ്യമായില്ല.

ഗ്രാമപഞ്ചായത്തുകളുടെ തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ സർക്കാർ കാലാനുസൃതമായി പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും

പഞ്ചായത്ത് ഡയറക്ടറുടെ 17.8.15-ലെ ജി2-44274/15 പൊതുമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ചും ആയിരിക്കേണ്ടതാണ്.

1- 27 ബാരൽ വില നിശ്ചിത ശീർഷകത്തിൽ സർക്കാരിലേയ്ക്ക് അടവാക്കിയില്ല.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. 2021-22 വാർഷികകണക്കുപ്രകാരം 72,668/- രൂപ ഇത്തരത്തിൽ തനതുഫണ്ടിൽ അവശേഷിക്കുന്നുണ്ട്. ടാർവീപ്പകളുടെ വിലയോടൊപ്പം ഈടാക്കിയിട്ടുള്ള 18% ജി.എസ്.റ്റി ഉൾപ്പെടെയുള്ള തുകയാണ് ഇപ്രകാരം 150120102 Sale Of Empties And Waste Materials എന്ന ശീർഷകത്തിൽ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത്. പ്രസ്തുത തുക നിശ്ചിത ശീർഷകങ്ങളിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-28 വെള്ളക്കരം- സംയുക്ത പരിശോധന നടത്തിയില്ല.

ഗ്രാമപഞ്ചായത്തിലെ 65 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 29862 രൂപ വീതം ആകെ 3,57,695 രൂപ 2021-22 വർഷം വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല. പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 21-03-2023 ലെ5-ാം നമ്പർ എൻക്വയറിയ്ക്കുള്ള മറുപടിയിൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 23/11/2022- തീയതിയിലെ 15-ാം നമ്പർ കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട് എന്നും വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. സംയുക്ത പരിശോധന നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചശേഷം വിവരം അറിയിക്കേണ്ടതാണ്.

1-29 ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.

പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി തുക കൈപ്പറ്റിയ 84 ഗുണഭോക്താക്കളിൽ നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| പേര് | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|
| ലളിത കുമാരി (W/o ശിവൻ തോട്ടുങ്കൽ), | 200000 | 10.02.2020 ൽ 40000 രൂപയും 19.08.2020 ൽ 160000 രൂപയും നൽകിയതായി അക്വിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| അൽഫോൻസ ജോസഫ് (W/o മനീഷ്) | 200000 | 16.11.2020 ൽ 40000 രൂപയും 23.06.21 ൽ 160000 രൂപയും നൽകിയതായി അക്വിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |

പ്രസ്തുത വ്യക്തികളുടെ ഭവന നിർമ്മാണം പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/21-03-23) ലളിത കുമാരി തറ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും അൽഫോൻസ ജോസഫ് ലിന്റൽ വരെയുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സന്നദ്ധസംഘടനകളുടെ സഹായം തേടി ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമോയെന്ന് ഭരണസമിതി പരിശോധിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-30 മരം മുറിച്ചുമാറ്റിയതിന് ചെലവഴിച്ച തുക പ്രസിഡന്റ് കൈപ്പറ്റിയത്- പരാതിയിൻമേലുള്ള പരിശോധന-

ഗ്രാമപഞ്ചായത്തിലെ 13ാം വാർഡ് അരുവിക്കുഴിയിലെ ആഗ്നസ് ജോസഫ് എന്ന പ്ലസ് ടു വിദ്യർത്ഥി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ടിയാളുടെ വീടിന് ഭീഷണി ആയി തോട്ടുപുറമ്പോക്കിൽ നിന്ന മരങ്ങൾ മുറിച്ചുമാറ്റിയതിന്റെ കൂലിയിനത്തിൽ ചെലവഴിച്ച 6000- രൂപ ( ചെക്ക് നം 10725/05-11-21 ) പ്രസിഡന്റ് കൈപ്പറ്റിയതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് ശ്രീ കെൻസി ജോൺസൺ നൽകിയ പരാതിയിന്മേൽ ഓഡിറ്റ് വേളയിൽ പരിശോധന നടത്തുകയുണ്ടായി. പ്ലസ് ടു വിദ്യാർത്ഥിയുടെ പരാതി കത്തിൻമേൽ അന്നത്തെ വാർഡ് ക്ലാർക്കായിരുന്ന കെൻസി ജോൺസൺ തന്നെയാണ് നേരിട്ട് അന്വേഷണം നടത്തി വിദ്യാർത്ഥി പറഞ്ഞിരിയ്ക്കുന്ന കാര്യങ്ങൾ കൃത്യമാണെന്ന റിപ്പോർട്ട് നൽകിയിരിയ്ക്കുന്നതും. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, അടിയന്തിര സാഹചര്യം കണക്കിലെടുത്തുമാണ് മരം മുറിയ്ക്കുന്നതിനുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചത്. മരം മെഷീൻ വാൾ ഉപയോഗിച്ച് മുറിച്ചതിന്റെ കൂലി പ്രസിഡന്റിന്റെ കൈയ്യിൽ നിന്നും അന്നേ ദിവസം തന്നെ (4-11-21 ൽ ) കൈപ്പറ്റിയതായുള്ള തൊഴിലാളികളുടെ കൈപ്പറ്റ് രസീതും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. അടിയന്തിര സാഹചര്യത്തിൽ പ്രസിഡന്റിന്റെ കയ്യിൽ നിന്നും ചെലവഴിച്ച തുക പ്രസിഡന്റ് പിന്നീട് എഴുതി വാങ്ങിയെന്ന നടപടിക്രമങ്ങളിലെ അപാകതയാണ് ഇവിടെ സംഭവിച്ചിരിയ്ക്കുന്നത്. അടിയന്തിര സാഹചര്യത്തിലും ഭരണപരമായ പരിചയക്കുറവിനാലും വന്ന അപാകത ആവർത്തിയ്ക്കാതിരിയ്ക്കേണ്ടതാണ്. നിലവിൽ ഓംബുഡ്സ്മാനിലും ഈ വിഷയം സംബന്ധിച്ച ഹിയറിംഗ് നടന്നുവരുന്നു. ആയതിന്റെ അന്തിമ തീരുമാനം അറിയിയ്ക്കേണ്ടതാണ്. വെട്ടിയിട്ട മരങ്ങളുടെ വാല്യുവേഷൻ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ചിട്ടുണ്ട്. ആയതിൻമേൽ ലേലനടപടികൾ എത്രയും വേഗം പൂർത്തിയാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-31 മരുന്ന് മുഴുവൻ ലഭിച്ചില്ല-

| അടങ്കൽ | ചെലവ് |
|---|---|
| മെയിന്റനൻസ് ഗ്രാന്റ് ( റോഡിതരം)-<br>500000- | 262340- ( ബിൽ നം.11/21/10-12-21 )<br>237660- ( ബിൽ നം.19/21/22-2-22) |
| ആകെ | 500000- |

പിഎച്ച്സി മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പിഎച്ച്സിയ്ക്ക് മരുന്ന് വാങ്ങൽ ( നം . 75/22) പദ്ധതിയിൽ പ്പെടുത്തി 500000-രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിലേയ്ക്ക് അടച്ചിട്ടുണ്ട്. പല തവണകളിലായി മരുന്ന് വന്നെങ്കിലും 94378-

രൂപയുടെ മരുന്നുകൾ ഇനിയും ലഭിയ്ക്കാൻ ശേഷിയ്ക്കുന്നു. തുക അടവാക്കി ഒരു വർഷം കഴിഞ്ഞിട്ടും മരുന്ന് പൂർണമായി ലഭിച്ചില്ല എന്നത് അടിയന്തിരപ്രാധാന്യം നൽകേണ്ടതാണ്. മരുന്ന് പൂർണമായി ലഭ്യമാക്കുന്നതുവരെ 94378- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 തെരുവുവിളക്ക് പുതിയത് സ്ഥാപിയ്ക്കൽ- അപാകതകൾ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ തെരുവുവിളക്ക് പുതിയത് സ്ഥാപിയ്ക്കൽ (132/22) പദ്ധതിയിൽപ്പെടുത്തി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 497285- രൂപ (ബിൽ നം 190/11-02-22) ചെലവഴിച്ച് അമ്മിണി എനർജി സിസ്റ്റംസിൽ നിന്നും മൂന്നു വർഷം ഗ്യാരന്റിയുള്ള 20 വാട്ടിന്റെ 367 എൽഇഡി ലൈറ്റുകൾ പുതിയത് വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- 7-10-21 ൽ ടെണ്ടർ ക്ഷണിച്ച് 25-10-21 ൽ തുറന്നു. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിരുന്ന അമ്മിണി എനർജി സിസ്റ്റംസിന്റേത് അംഗീകരിയ്ക്കുകയും ചെയ്തു. എന്നാൽ അതേ തീയതിയിൽ തന്നെ മുൻവർഷം തെരുവുവിളക്ക് സ്ഥാപിക്കൽ പദ്ധതി നടപ്പാക്കിയ ഇതേ ഏജൻസി (അമ്മിണി എനർജി സിസ്റ്റംസ്) സ്ഥാപിച്ച ലൈറ്റുകളിൽ 495 എണ്ണം കേടാവുകയും മൂന്നുവർഷ വാറന്റിയുള്ളവയായിരുന്നതിനാൽ എത്രയും വേഗം മാറ്റി സ്ഥാപിയ്ക്കണമെന്ന് പഞ്ചായത്തിൽ നിന്നും ആവശ്യപ്പെടുകയും ചെയ്തു. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തു എന്ന കാരണം കൊണ്ട് മാത്രം ഗുണമേന്മ കുറഞ്ഞ ഉൽപ്പന്നത്തിന് തൻവർഷം അതേ സ്ഥാപനത്തിന് തന്നെ വീണ്ടും കരാർ നൽകേണ്ടിയിരുന്നില്ല.
- 13 വാർഡിലും 25 എണ്ണം വീതവും ടൌണിൽ 40 എണ്ണവും എന്ന നിലയിലാണ് ലൈറ്റുകൾ സ്ഥാപിച്ചിരിയ്ക്കുന്നത്. ബാക്കി രണ്ടെണ്ണം എവിടെ സ്ഥാപിച്ചുവെന്ന വിവരമില്ല. മാത്രമല്ല വാർഡ്തലത്തിൽ ലൈറ്റുകൾ വീതിയ്ക്കാതെ ആവശ്യകത അനുസരിച്ചല്ല സ്ഥാപിച്ചിരിയ്ക്കുന്നതും .
- പഞ്ചായത്തിൽ ആകെയുള്ള പോസ്റ്റുകളുടെ എണ്ണം, അതാത് സമയം മെയിന്റനൻസ് നടത്തുന്നതിന്റെ വിവരം എന്നിവ വിശദമായി രേഖപ്പെടുത്തുന്ന തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല.
- അമ്മിണി എനർജി സിസ്റ്റം വാർഡ് തിരിച്ചുള്ള ഇൻസ്റ്റലേഷൻ വിശദാംശങ്ങൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും 25 വീതം ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രം 2, 9 എന്നി വാർഡുകളിൽ നിന്നുള്ളവ മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് ( നം. 22/23.03.23 ) വരും വർഷങ്ങളിൽ അപാകതകൾ വരാതെ ശ്രദ്ധിയ്ക്കാമെന്നും തെരുവുവിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണെന്നും ലൈറ്റുകൾ സ്ഥാപിച്ചതിന്റെ സാക്ഷ്യപത്രം എല്ലാ വാർഡ് മെമ്പർമാരിൽ നിന്നും വാങ്ങി ഹാജരാക്കുന്നതാണെന്നുമാണ് മറുപടി ലഭിച്ചത്. നടപടികൾ പൂർത്തിയാക്കുന്നതു വരെ

497285- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 കമ്പ്യൂട്ടർ/അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ -രേഖകൾ പൂർണമല്ല

1. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും AMC (15/22) പ്രകാരം കമ്പ്യൂട്ടറുകൾ, യുപിഎസ് കൾ, സ്കാനറുകൾ, എന്നിവയുടെ എഎംസി പുതുക്കുന്നതിന് വികസനഫണ്ടിൽ നിന്നും 79900- (ബിൽ നം. 152/20-01-22)ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഹാർഡ് വെയർ രജിസ്റ്ററിൽ എഎംസി പുതുക്കിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനമായി കരാറിലേർപ്പെട്ടതായും കാണുന്നില്ല
2. പ്രോജക്ട് നം 175/22 പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 102960- രൂപ ( ബിൽ നം. 196/14-02-22) ചെലവഴിച്ച് 2 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും പ്രോജക്ട് നം 126/22 പ്രകാരം

തനതുഫണ്ടിൽ നിന്നും 24000- രൂപ (ചെക്ക് നം. 5430493/30.03.22) ചെലവഴിച്ച് ഒരു കളർ പ്രിന്ററും വാങ്ങിയിട്ടുണ്ട്. ഇവയൊന്നും സ്റ്റോക്കിലെടുത്തതിന്റെയും ആർക്ക് കൈമാറിയെന്നതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം. 21/23.03.23) മറുപടിയും ലഭ്യമാക്കിയില്ല . ആയതിനാൽ ഈയിനത്തിൽ ആകെ ചെലവഴിച്ച 206860- രൂപ (79900+102960+24000) തടസ്സപ്പെടുത്തുന്നു.

1-34 വിനിയോഗവിവരം ലഭ്യമാക്കാത്തത്-

ഓഡിറ്റ് വർഷത്തിൽ ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. പദ്ധതികൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതിനാൽ ആകെ 645385 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | ബിൽ/ചെക്ക് നം. | മുൻകൂർ നൽകിയ തുക (Rs.) | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 111/22കാക്കത്തോട് വാഴേപറമ്പ് കുഴൽകിണറുകൾക്ക് ഹാൻഡ്പൈപ്പ് സ്ഥാപിക്കൽ | 285/17-03-22 | 80000 | | 80000 |
| | 97/22പുത്തൻചന്ത ഭാഗത്ത് കുഴൽക്കിണർ നിർമ്മാണം വാർഡ് 2 | 224/24-02-22 | 115750 | | 115750 |
| | 100/22പെരുമ്പാറ ഭാഗത്ത് കുഴൽക്കിണർ നിർമ്മാണം വാർഡ് 4 | 259/14-03-22 | 115750 | | 115750 |
| | 104/22പാറേമാക്കൽ ഭാഗത്ത് കുഴൽക്കിണർ നിർമ്മാണം | 257/14-03-22 | 115750 | | 115750 |
| | 105/22വള്ളിക്കാട്ട് കുടിവെള്ളപദ്ധതി കുഴൽക്കിണർ നിർമ്മാണം | 258/14-03-22 | 115750 | 49365 * | 66385 |
| | 109/22മുക്കാലി തകിടിപ്പുറംകല്ലാടംപൊയ്ക വാഴേപ്പറമ്പ് കുഴൽക്കിണറുകൾക്ക് ഹാൻഡ് പൈപ്പ് സ്ഥാപിക്കൽ | 287/18-03-22 | 115750 | | 115750 |
| | 107/22പറപ്പള്ളിക്കുന്ന് ഭാഗത്ത് കുഴൽക്കിണർ നിർമ്മാണം | 284/17-03-22 | 36000 | | 36000 |

| | | | | | |
|---|---|---|---|---|---|
| | ആകെ | | 694750 | 49365 | 645385 |

* പദ്ധതി 49365- ചെലവഴിച്ച് പൂർത്തീകരിച്ച വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി. ബാക്കി നിൽക്കുന്ന 66385 തിരികെ ഈടാക്കുന്നത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് ( നം. 20/23.03.23 ) സിഎഫ് സി ഫണ്ട് ആയതിനാൽ ടി അക്കൗണ്ടിലേയ്ക്ക് തിരികെ വാങ്ങാനാവില്ലായെന്നും ബാക്കിനില്ക്കുന്ന 66385 രൂപ അധികമായി തുക ആവശ്യമായ പ്രോജക്ടിലേയ്ക്ക് മാറ്റി ഡെപ്പോസിറ്റ് ചെയ്യുന്നതിന് കമ്മിറ്റി തീരുമാനം എടുത്ത് നൽകിയാൽ മതിയെന്ന് ഭൂജലവകുപ്പിൽ നിന്ന് അറിയിച്ചിട്ടുണ്ടെന്നും മറുപടി നല്കി. അപ്രകാരം ചെയ്ത് ബാലൻസ് തുക വിനിയോഗിക്കേണ്ടതാണ്.

## 1-35 വിവിധ കമ്മിറ്റി തീരുമാനങ്ങളിൻമേലുള്ള തുടർനടപടികൾ

കമ്മിറ്റി തീരുമാനങ്ങളിൻമേലുള്ള തുടർനടപടികളുടെ വിശദാശങ്ങൾ ആവശ്യപ്പെട്ട് 26/23.03.23 ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ ആയതിന് ലഭ്യമാക്കിയ മറുപടിയിൽ ചുവടെ കൊടുത്തിരിക്കുന്ന തീരുമാനങ്ങളിന്മേലുള്ള തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

1. 12(12)/27-10-21 – മുറികളുടെ ലേലം- കുടിശ്ശികക്കാർക്ക് നോട്ടീസ്- സുനിൽശങ്കർ ( ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്മുറി നം.6) 77573- അടയ്ക്കുന്നതിനും, വിജയമ്മ, (വില്ലേജ് ഹട്ട് മുറി നം. 1) 46183- രൂപയും അടയ്ക്കുന്നതിന് നോട്ടീസ് നൽകി. കോവിഡ്കാലത്ത് സർക്കാർ ഉത്തരവ് പ്രകാരമുള്ള വാടക ഇളവുകൾ കക്ഷികൾക്ക് അനുവദിയ്ക്കുന്നതിനായി 3-11-21 ൽ ടി കുടിശ്ശികക്കാരെ നേരിൽ കേൾക്കുന്നതിന് തീരുമാനിച്ചു
2. 14(14)/27-10-21- ബസ്സ്റ്റാന്റ് പാർക്കിംഗ് ഫീസ് പിരിവ്-10 രൂപ നിരക്കിൽ കിട്ടിക്കൊണ്ടിരുന്ന തുക ലോക്ക്ഡൌൺ കാലയളവ് മുതൽ ലഭിയ്ക്കുന്നില്ല. ആയത് മുൻകാലങ്ങളിലെപ്പോലെ തുടർന്നും ഈടാക്കുന്നതിന് സിഡിഎസ് നെ തന്നെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.
3. 17(17)/23-11-21- പഞ്ചായത്ത് വക കെട്ടിടങ്ങളിൽ ഒഴിവായികിടന്ന 24 കടമുറികൾ ലേലം ചെയ്യുന്നതിന് അസി.എഞ്ചിനിയറിനെകൊണ്ട് നിരക്ക് നിശ്ചയിച്ചതിൽ നിലവിൽ നിരക്ക് നിശ്ചയിച്ച് 17 എണ്ണം ലേലം ചെയ്യുന്നതിന് തീരുമാനിച്ചു.
4. 24(24)/23-11-21- മുറി നം. 4,5,6 (തോമസ്കുട്ടി, മൈലാടിയിൽ) കേസ്-ഹൈക്കോടതിയിൽ രാജിയാക്കിയ രേഖ ടിയാൻ ഹാജരാക്കുന്ന മുറയ്ക്ക് കുടിശ്ശിക ഈടാക്കി തുടർനടപടികൾ സ്വീകരിയ്ക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.
5. 15(15)/8-12-21 – ലൈസൻസ് ഇല്ലാതെയും മാനദണ്ഡങ്ങൾ പാലിയ്ക്കാതെയും മത്സ്യങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങളെകുറിച്ച് ഫുഡ് & സേഫ്റ്റി കമ്മീഷണറെ അറിയിയ്ക്കുന്നതിനും അത്തരത്തിലുള്ള സ്ഥാപനങ്ങളെകുറിച്ച് സ്ഥലപരിശോധന നടത്തി നിയമാനുസൃത നടപടികൾ സ്വീകരിയ്ക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.
6. 16(16)/9-2-22 – 19-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച കുട്ടമാവ് കുടിവെള്ള പദ്ധതിയുടെ കുളം ആഴം കൂട്ടൽ വഴി ലഭിച്ച കല്ല് സൈറ്റിൽ സൂക്ഷിച്ചിട്ടുണ്ടെന്ന അസി.എഞ്ചിനീയറുടെ സർവ്വേ റിപ്പോർട്ട് പ്രകാരം 64 Cu M കല്ല് ( Cu M ന് 824- പ്രകാരം 52736- രൂപ വില വരുന്നത്) ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും ആരും ലേലം കൊള്ളാൻ തയ്യാറായില്ല. കല്ല് പുനർലേലം ചെയ്യുന്നതിന് തീരുമാനിച്ചു.
7. 1(1)/23-3-22 – 2021-22 വാർഷികപദ്ധതിയിൽ 1505000- വകയിരുത്തി രൂപീകരിച്ചിട്ടുള്ള പൊതുശ്മശാനത്തിന് സ്ഥലം വാങ്ങൽ എന്ന പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി അനുയോജ്യതാ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കോട്ടയം ഡിഡിപിയോട് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു.
8. 4(4)/23-3-22 – വിശപ്പുരഹിതകേരളം - ജനകീയ ഹോട്ടലിലേയ്ക്ക് ആവശ്യമായ മേശയും കസേരയും

വാങ്ങുന്നതിന് റബ്കോയിൽ നിന്ന് ലഭ്യമായ പ്രൊഫോമ ഇൻവോയ്സ് അംഗീകരിച്ച് പദ്ധതി നടപ്പാക്കുന്നതിന് അസി.സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 09-01-23-ലെ 1(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 20-03-23-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2022-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

തൻവർഷം സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 21-22 | 1000000 | 116/22 ലൈഫ് ഭവനപദ്ധതി (എസ് സി) | 1000000 | - |
| | | 1380000 | 3/22ലൈഫ് ഭവനപദ്ധതി | 1380000 | - |
| | | 200000 | 13/22അനുപൂരക പോഷകാഹാരവിതരണം | 200000 | - |
| | | 300000 | 14/22ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | - |
| | | 309718 | 166/22പുത്തൻപൂരകുറുംകുടി റോഡ് കോണ്കരീറ്റിംഗ് | 309718 | - |
| | | 337942 | 167/22വെട്ടിക്കയം എസ് സി കോളനികുടിവെള്ളപദ്ധതി | 337942 | - |

| | | | | | |
|---|---|---|---|---|---|
| | | 397363 | 121/22അമ്പാട്ട് കരിപ്പക്കല്ല്കോളനി റോഡ് കോൺക്രീറ്റിംഗ് | 397363 | - |
| | | 486747 | 169/22 വാഴേപ്പറമ്പ് കുടിവെള്ളപദ്ധതി | 486747 | - |
| | | 160446 | 170/22 ചക്കാമ്പുഴ കുടിവെള്ളപദ്ധതി | 160446 | - |
| | | 280419 | 56/22 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 280419 | - |
| | | 1000000 | 115/22ലൈഫ് ഭവനപദ്ധതി | 1000000 | - |
| | | 3060000 | 4/22ലൈഫ് ഭവനപദ്ധതി | 3060000 | - |
| ആകെ | | 8912635 | | 8912635 | - |
| ബ്ലോക്ക് വിഹിതം | 21-22 | 700000 | 4/22 ലൈഫ് ഭവനപദ്ധതി | 700000 | - |
| | | 920000 | 3/22 ലൈഫ് ഭവനപദ്ധതി | 920000 | - |
| | | 150000 | 13/22അനുപൂരക പോഷകാഹാരവിതരണം | 150000 | - |
| | | 125000 | 14/22ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 125000 | - |
| | | 125174 | 136/22മക്കനാൽ കുടിവെള്ളപദ്ധതി | 125174 | - |
| ആകെ | | 2020174 | | 2020174 | - |

## 4-3 നിക്ഷേപപ്രവൃത്തികൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക (Rs.) | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 111/22കാക്കത്തോട് വാഴേപറമ്പ് കുഴൽക്്കിണറുകൾക്ക് ഹാൻഡ്പൈപ്പ് സ്ഥാപിക്കൽ | 80000 | | 80000 |
| | 97/22പുത്തൻചന്ത ഭാഗത്ത് കുഴൽക്കിണർ നിർമ്മാണം വാർഡ് 2 | 115750 | | 115750 |
| | 100/22പെരുമ്പാറ ഭാഗത്ത് കുഴൽക്കിണർ നിർമ്മാണം വാർഡ് 4 | 115750 | | 115750 |

| | | | | |
|---|---|---|---|---|
| | 104/22പാറേമാക്കൽ ഭാഗത്ത് കുഴൽക്കിണർ നിർമ്മാണം | 115750 | | 115750 |
| | 105/22വള്ളിക്കാട്ട് കുടിവെള്ളപദ്ധതി കുഴൽക്കിണർ നിർമ്മാണം | 115750 | 49365 * | 66385 |
| | 109/22മുക്കാലി തകിടിപ്പുറംകല്ലാടംപൊയ്ക വാഴേപ്പറമ്പ് കുഴൽക്കിണറുകൾക്ക് ഹാൻഡ് പൈപ്പ് സ്ഥാപിയ്ക്കൽ | 115750 | | 115750 |
| | 107/22പറപ്പള്ളിക്കുന്ന് ഭാഗത്ത് കുഴൽക്കിണർ നിർമ്മാണം | 36000 | | 36000 |
| | ആകെ | 694750 | 49365 | 645385 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചവ്

2021-22 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ആർഡിബി ലോൺ (ലോൺ അക്കൗണ്ട് നം. 474/A3 /8/RDB) | KURDFC /A/221 /12/27-01-17 | 4727988 | - | 400000 | - | 4327988* |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) അക്കൗണ്ട് നം. 38065072468 | ജിഒ (എം.എസ്) 68/2018/ തസ്വഭവ/ 18.5.2018 | 6389310 | 260000 | 1891999- | - | 4757311 |

| | | | | | | |
|---|---|---|---|---|---|---|
| SBI പള്ളിക്കത്തോട് | | | | | | |

* തൻവർഷത്തെ തിരിച്ചടവ് വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകകളൊന്നും ലഭിച്ചിട്ടില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ വിഷയം |
|---|---|---|---|
| 2009-10 | 3-3(ബി) | 2011-12, 2-6 | നിക്ഷേപ പ്രവൃത്തികൾ-നടപടിക്രമങ്ങൾ പാലിക്കുന്നില്ല. കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച 2666223/- രൂപ സംബന്ധിച്ച് |
| 2014-15 | 2-3<br>2-5 | 2016-17 അനുബന്ധം 3<br>2016-17 അനുബന്ധം 4 | വസ്തുനികുതി<br>തൊഴിൽ നികുതി |
| 2015-16 | 2-3 (1,2,3) | 2016-17 അനുബന്ധം 5 | തൊഴിൽ നികുതി |

പ്രസ്തുത ഖണ്ഡിക നിയമസഭാസമിതി നാളിതുവരെ പരിഗണിച്ചിട്ടില്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 68375355.79 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 57985517 |
| വരവിനങ്ങളിലുള്ള നഷ്ടം | : | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ | : | ---- |

| | | |
|---|---|---|
| അംഗീകരിക്കാത്ത തുക | | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1621571 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 85599 | രാജേശ്വരി ആർ, ICDS സൂപ്പർവൈസർ |
| 1-23 | 92064 | മുരളീധരൻ എം ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-31 | 94378 | ആഷിക്ക് രാമചന്ദ്രൻ, പിഎച്ച്സി മെഡിക്കൽ ഓഫീസർ |
| 1-32 | 497285 | മിനി മുരളി, സെക്രട്ടറി |
| 1-33 | 206860 | “ |
| 1-34 | 645385 | “ |
| ആകെ | 1621571 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി4-377/08 /29.06.2009/ 08.10.2009 | - |
| 2003-04(ചെലവ്) | കെ.എസ്.എ.-കെ.ടി.എം.പി13(അദാ 2022)/102(1)/22/ 03.08.22 | 5 |
| 2002-03(വരവ്) | എൽ.എഫ്.കെ.പി4-1682/07/ 08.09.2009 | - |
| 2004-05(വരവ്) | എൽ.എഫ്.കെ.പി4-1684/07/ 21.02.2011 | 1 |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.കെ.പി1/966 /അദാ/B1/11/ 22.08.2011 | - |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ 2022/102(4)/22/03.08.22 | 2 |
| 2010-11 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ 2022/102(5)/22/03.08.22 | 2 |
| 2011-12 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ 2022/882(2)/22/03.08.22 | 2 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി13-അദാ/2022/882(3)/22/03.08.22 | 2 |
| 2013-14 & 2014-15 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ /22/882(4)/22/03.08.22 | 4 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ /22/882(5)/22/03.08.22 | 8 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി13-1648/2017/ 24.01.2018 | 12 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ /22/882(6)/22/03.08.22 | 4 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ /22/882(7)/22/03.08.22 | 17 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ /22/882(8)/22/03.08.22 | 10 |
| 2019-20 | കെഎസ്എകെടിഎം /പി13/299 /22/25.03.22 | 18 |
| 2020-21 | കെഎസ്എകെടിഎം /പി13/1359/22 /26.10.22 | 21 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്